"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - പാലക്കാട് ജില്ലയിൽ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക വരുത്തിയ ശ്രീ.രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.-

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.449/2022/TAXES തീയതി,തിരുവനന്തപുരം, 07-06-2022

പരാമർശം:- 1. എക്സൈസ് കമ്മീഷ്ണറുടെ 30/10/2019 ലെ EXC/4421/2018-XM2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ പരേതനായ രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിൽ കുടിശ്ശിക തുകയും പലിശയും ചേർത്ത് ആകെ 5,26,312/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) അബ്കാരി കുടിശ്ശികയുള്ളതാണെന്നും ടി തുക ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതി നല്കിയിരുന്നെന്നും എന്നാൽ രംഗസ്വാമി നാടാർ ഗഡു തുക അടച്ചിട്ടില്ലാ എന്നും ടിയാളുടെ പേരിലുള്ള വസ്തുക്കൾ മറ്റൊരു റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളതാണെന്നും ടിയാന്റെ പേരിൽ മറ്റ് വസ്തുവകകൾ ഒന്നും തന്നെയില്ലാത്തതാണെന്നും എക്സൈസ് കമ്മീഷ്ണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) രംഗസ്വാമി നാടാർ വണ്ണാമട 10.01.1991ൽ മരണപ്പെട്ടുപോയ സാഹചര്യത്തിൽ ടിയാന്റെ അനന്തരാവകാശികളിൽ നിന്നും ടി കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും ഇതിനെതിരെ കക്ഷികൾ ഫയൽ ചെയ്ത WP(C)No.12484/04 കേസിൽ ടി കക്ഷികൾക്കെതിരെ സ്വീകരിച്ച എല്ലാ റവന്യൂ റിക്കവറി നടപടികളും റദ്ദാക്കി കൊണ്ടും തുടർനടപടികൾ എടുക്കുന്നത് തടഞ്ഞ് കൊണ്ടും 30.08.2005ൽ വിധിയായതായും ടി വിധിക്കെതിരെ അപ്പീൽ സാധ്യതയില്ലെന്ന നിയമോപദേശവും ബഹു.അഡ്വ.ജനറലിൽ നിന്നും ലഭ്യമായിട്ടുള്ളതുമാണെന്നും തുടർന്ന് ജില്ലാകളക്ടർമാരിൽ നിന്നും RRC തിരികെ നൽകിയിട്ടുള്ളതുമാണെന്നും ഈ സാഹചര്യത്തിൽ ടി കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ടി കുടിശ്ശിക എഴുതി തള്ളാമോ എന്നതിൽ നിർദ്ദേശം ലഭ്യമക്കുവാൻ എക്സൈസ് കമ്മീഷ്ണർ പരാമർശം കത്തിലൂടെ സർക്കാരിനോടു അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികക്കാരനായ, പരേതനായ രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശികയായ മുതൽ ഇനത്തിൽ 1,02,245/-

രൂപയും, പലിശ ഇനത്തിൽ 4,24,067/- രൂപയും അടക്കം ആകെ 5,26,312/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) എഴുതി തള്ളുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

4) എക്സൈസ് കമ്മീഷ്ണർ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

1. എക്സൈസ് കമ്മീഷ്ണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷ്ണർ, പാലക്കാട്.
4. ധനകാര്യ വകുപ്പ്(23/04/2022 ലെ വ്യയം-ബി1/3888/2020-ഫിൻ പ്രകാരം)
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 771)
6. വെബ് & ന്യൂ മീഡിയ
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Premlal D**
**Date: 07-06-2022 12:32:46**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-06-2022

ഫയൽ നം. ഇ-ഫയൽ-എ1/292/2019-നികുതി. ഇനം നം: 771

വിഷയം : നികുതി വകുപ്പ് - അബ്കാരി കുടിശ്ശിക - പാലക്കാട് ജില്ലയിൽ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക വരുത്തിയ ശ്രീ. രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതിതള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, നികുതി (എക്സൈസ്) വകുപ്പ്.

x
3/6/22
4 pm.

771

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ-ഫയൽ-എ 1/ 292/2019-നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | അബ്കാരി കുടിശ്ശിക - പാലക്കാട് ജില്ലയിൽ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക വരുത്തിയ ശ്രീ രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതിതള്ളുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.05.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ദിലീപ് കുമാർ റ്റി.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.05.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.05.2022 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24.05.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.05.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികക്കാരനായ പരേതനായ രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശികയായ 5,26,312/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) എഴുതി തള്ളുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2) പാലക്കാട് ജില്ലയിൽ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക വരുത്തിയ രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ കുടിശ്ശിക തുക ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ രംഗസ്വാമി നാടാർ ഗഡു തുക അടച്ചിട്ടില്ലാ എന്നും ടിയാളുടെ പേരിലുള്ള വസ്തുക്കൾ മറ്റൊരു റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളതാണെന്നും ടിയാന്റെ പേരിൽ മറ്റ് വസ്തുവകകൾ ഒന്നും തന്നെയില്ലാത്തതാണെന്നും എക്സൈസ് കമ്മീഷ്ണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രംഗസ്വാമി നാടാർ വണ്ണാമട 10.01.1991 ൽ മരണപ്പെട്ടുപോയ സാഹചര്യത്തിൽ ടിയാന്റെ അനന്തരാവകാശികളിൽ നിന്നും ടി കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും ഇതിനെതിരെ കക്ഷികൾ ഫയൽ ചെയ്ത WP(C)No.12484/04 കേസിൽ ടി കക്ഷികൾക്കെതിരെ സ്വീകരിച്ച എല്ലാ റവന്യൂ റിക്കവറി നടപടികളും റദ്ദാക്കി കൊണ്ടും തുടർനടപടികൾ എടുക്കുന്നത് തടഞ്ഞ് കൊണ്ടും 30.08.2005 ൽ വിധിയായതായും ടി വിധിക്കെതിരെ അപ്പീൽ സാധ്യതയില്ലെന്ന നിയമോപദേശവും ബഹു.അഡ്വ.ജനറലിൽ നിന്നും ലഭ്യമായിട്ടുള്ളതുമാണെന്നും തുടർന്ന് ജില്ലാകളക്ടർമാരിൽ നിന്നും RRC തിരികെ നൽകിയിട്ടുള്ളതുമാണെന്നും ഈ സാഹചര്യത്തിൽ ടി കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ടി കുടിശ്ശിക എഴുതി തള്ളാമോ എന്ന് എക്സൈസ് കമ്മീഷ്ണർ ആരായുകയുണ്ടായി.

3) രംഗസ്വാമി നാടാർ വണ്ണാമടയുടെ പേരിലുള്ള കുടിശ്ശിക എഴുതി തള്ളാമോ എന്നതിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം ഫയൽ നിയമ വകുപ്പിന് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് ഫയൽ അഭിപ്രായത്തിനായി റവന്യൂ വകുപ്പിന് കൈമാറിയപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" നിലവിലെ റവന്യൂ റിക്കവറി നിയമ പ്രകാരം ലോൺ കുടിശ്ശിക എഴുതി തള്ളുവാൻ റവന്യൂ വകുപ്പിന് കഴിയുകയില്ലായെന്നും കുടിശ്ശിക പൂർണ്ണമായും എഴുതി തള്ളുന്നത് സംബന്ധിച്ച തീരുമാനം അർത്ഥനാധികാരിയിൽ നിക്ഷിപ്തമാണെന്നും ഭരണവകുപ്പിനെ അറിയിച്ചു കൊള്ളുന്നു ."

4) തുടർന്ന് നിയമവകുപ്പ് ആവശ്യപ്പെട്ടിരുന്നതു പ്രകാരം അഭിപ്രായത്തിനായി ഫയൽ വീണ്ടും ടി വകുപ്പിന് കൈമാറിയപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"ഈ കേസിൽ അപ്പീലിന് സാദ്ധ്യതയില്ലെന്ന് അഡ്വ.ജനറൽ അറിയിച്ചിട്ടുള്ളതായി എക്സൈസ് കമ്മീഷണർ രേഖപ്പെടുത്തിയിട്ടുള്ളതിനാലും റവന്യു റിക്കവറിയുമായി മുന്നോട്ട് പോകുന്നതിന് കോടതി വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനാലും ഈ കേസിൽ ലോൺ കുടിശ്ശിക എഴുതി തള്ളുന്ന കാര്യത്തിൽ അർത്ഥനാധികാരിക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കാം."

5) ഈ വിഷയത്തിൽ ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

ടി വിവരം എക്സൈസ് കമ്മീഷ്ണറോട് ആരാഞ്ഞപ്പോൾ രംഗസ്വാമി നാടാർ വണ്ണാമടയുടെ പേരിലുള്ള അബ്കാരി കുടിശ്ശിക 5,26,312/- രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്. ടി വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കുടിശ്ശിക വിശദാംശങ്ങൾ | Principal | Interest | Total |
|---|---|---|---|---|
| 1 | T.S. No:43&53/71-72 Parali Range | 6964 | 37387 | 44351 |
| 2 | T.S. No:54/68-69 Palakkad Range | 27500 | 52459 | 79959 |
| 3 | T.S. No:54/69-70 Palakkad Range | 15700 | 86333 | 102033 |
| 4 | T.S. No:36/71-73 Palakkad Range | 17294 | 91205 | 108499 |
| 5 | T.S. No:17,18/68-69 Chittur Range (02 | 30877 | 135807 | 166684 |

| | | | | |
|---|---|---|---|---|
| | Cases) | | | |
| 6 | T.S. No:28/68-69 Chittur Range | 3910 | 20876 | 24786 |
| | ആകെ | 102245 | 424067 | 526312 |

6) തുടർന്ന് ഈ വിഷയത്തിൽ ഫയൽ ധനകാര്യ വകുപ്പിന് വീണ്ടും സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"രംഗസ്വാമി നാടാർ ന്റെ പേരിലുള്ള അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി ടിയാന്റെ വസ്തുക്കൾ ബോട്ട് ഇൻ ലാന്റായി ഏറ്റെടുത്തിട്ടുണ്ട്, ടിയാൻ മരണപ്പെട്ടു പോയി, അനന്തരാവകാശികളിൽ നിന്നും ബാക്കി തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ബഹു ഹൈക്കോടതി തടഞ്ഞിട്ടുണ്ട്, അബ്കാരി കുടിശ്ശികയ്ക്ക് 50 വർഷം പഴക്കമുണ്ട് എന്നീ വസ്തുതകൾ കണക്കിലെടുത്ത്, രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നതിന് അനുമതി നല്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിനു ബഹു ധന. വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് ."

7) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതു പ്രകാരം ബാദ്ധ്യത എഴുതി തള്ളുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ, ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

പാലക്കാട് ജില്ലയിൽ ചിറ്റൂർ റെയിഞ്ചിൽ 1968-69 മുതൽ 1971-72 വരെയുള്ള കാലയളവിൽ കള്ളുഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികക്കാരനായ, പരേതനായ രംഗസ്വാമി നാടാർ വണ്ണാമട എന്നയാളുടെ പേരിലുള്ള അബ്കാരി കുടിശ്ശികയായ 5,26,312/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) (മുതൽ 1,02,245/- രൂപ + പലിശ 4,24,067/- രൂപ) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം എഴുതി തള്ളാവുന്നതാണോ?